ജി.എച്ച്.എസ്.എസ്. ഇരിങ്ങല്ലൂർ

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

# 2025-26

# ഉള്ളടക്കം

**വിഷയം**


* ആമുഖം
* വിദ്യാലയ ചരിത്രം
* പൊതുവിവരങ്ങൾ
* പൊതുലക്ഷ്യങ്ങൾ
* അക്കാദമിക ഭൗതിക നേട്ടങ്ങൾ, പരിമിതികൾ
* സമഗ്ര പുരോഗതി രേഖ
* പ്രവർത്തന പദ്ധതികൾ
* എൽ പി വിഭാഗം
* യു.പി വിഭാഗം
* എച്ച് എസ് വിഭാഗം
* ഉപസംഹാരം

## ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻതയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വ്ദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളേയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി ടി എ പ്രസിഡണ്ട്
ഹെഡ്മിസ്ട്രസ്സ്
എം പി ടി എ പ്രസിഡണ്ട്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, ഇരിങ്ങല്ലൂർ |
| പ്രദേശം | : | ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങൾ ഇരിങ്ങല്ലൂർ പ്രദേശത്തെ കോമലക്കുന്ന് കാമ്പസ്സ്. എൽ പി,യു പി വിഭാഗങ്ങൾ പാലാഴി ടൗൺ കാമ്പസ്സ് |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| പ്രിൻസിപ്പാൾ | : | റഹ്മത്ത് പി |
| ഹെഡ്മിസ്ട്രസ്സ് | : | ബീന എസ്. |
| PTA പ്രസിഡന്റ് | : | ഷൈജു . ടി. |
| സ്കൂൾ വികസന സമിതി ചെയർമാൻ | : | രാജീവ് പെരുമൺ പുറ ( ജില്ലാ പഞ്ചായത്ത് മെമ്പർ ) |
| SMC ചെയർമാൻ | : | സുബീഷ് എം. |
| MPTA പ്രസിഡന്റ് | : | രജ്ജല എം |

# വിദ്യാലയ ചരിത്രം

കോഴിക്കോട്ട നഗരത്തിൽ നിന്നും ഉദ്ദേശം 8.കി.മി കിഴക്കമാറി കോർപ്പറേഷൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഒളവണ്ണ പഞ്ചായത്തിലെ പാലാഴി ബസാറിനടുത്താണ് ഇരിങ്ങല്ലൂർ ഗവ: ഹയർസെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

1912 ൽ സ്ഥലവാസിയും പൗരപ്രമുഖനുമായ കളംകൊള്ളി രാമകുറുപ്പിന്റെ നേതൃത്വത്തിൽ നാട്ടുകാരുടെ പരിശ്രമഫലമായി ഇരിങ്ങല്ലൂർ ലോവർ എലിമെന്ററി സ്കൂൾ സ്ഥാപിക്കപ്പെട്ടു. സ്കൂളിന്റെ ഹെഡ്മാസ്റ്റർമാരായി വന്ന പല പ്രഗല്ഭരുടെയും പ്രവർത്തന ഫലമായി പ്രസ്തുത വിദ്യാലയം അഞ്ചാം തരം വരെയുള്ള സ്കൂളായി ഉയർത്തപ്പെട്ടു.

1955 ൽ കെ.പി ചാത്തുമാസ്റ്ററുടെയും പരിശ്രമശാലികളായ നാട്ടുകാരുടെയും കഠിനാധ്വാനത്തിന്റെ ഫലമായി ഇത് ഹയർ എലിമെന്ററി സ്കൂളായി ഉയർന്നു. ചില തടസ്സവാദങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അടുത്തുള്ള ഒരു പീടിക മുറിയുടെ മുകൾ ഭാഗത്തായിരുന്ന താല്ക്കാലികമായി ക്ലാസുകൾ നടത്തിയിരുന്നത്. പിന്നീട് പീടികയിൽ നിന്ന് സ്കൂൾ കെട്ടിട ത്തിലേക്ക് മാറ്റുകയും ചെയ്തു. 1958 ൽ 8-ാം ക്ലാസ് വരെ കൂട്ടിച്ചേർക്കപ്പെട്ടു. 1961 ൽ സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഒരു വെൽഫെയർ കമ്മറ്റി രൂപവത്ക്കരിക്കപ്പെടുകയും സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. 1962 മുതൽ ഹൈസ്കൂളാകുന്നതു വരെ (1981 വരെ) ടി. നാരായണൻ കുട്ടി കുറുപ്പായിരുന്ന ഹെഡ്മാസ്റ്റർ. സ്കൂളിന് എല്ലാ വിധത്തിലുമുള്ള പുരോഗതി കൈവന്നത് ഈ കാലഘട്ടത്തിലാണ്. നാരായണൻ, ചന്ദ്രൻ, ശാന്ത തുടങ്ങി പ്രഗല്ഭരായ അധ്യാപകരുടെ സേവനവും പരിശ്രമവും കൊണ്ട് കലാകായിക രംഗങ്ങളിൽ വമ്പിച്ച പുരോഗതി നേടുകയും സബ്ജില്ലാ - ജില്ലാ മത്സ രങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് അടക്കം നിരവധി പുരസ്കാരങ്ങൾ സ്കൂളിനെ തേടിയെത്തുകയും ചെയ്തു. വെൽഫെയർ കമ്മറ്റി വളരെ സജീവമായി പ്രവർത്തിച്ചതു മൂലം വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായി. അധ്യാപനത്തിലും അച്ചടക്കത്തിലും ഈ കാലഘട്ടത്തിൽ ഉന്നത നിലവാരം കൈവന്നു.

കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ പുതിയ കെട്ടിടത്തിൻ്റെ ആവശ്യകത ബോധ്യമായി അത് സാക്ഷാത്കരിക്കാൻ വേണ്ടി വെൽഫെയർ കമ്മറ്റിയോടൊപ്പം നാട്ടുകാരും സജീവമായി രംഗത്തിറങ്ങി. അന്നത്തെ AEO മാരായ എം.ആർ നമ്പ്യാർ, രാജു, രവീന്ദ്രമേനോൻ എന്നിവർ സ്കൂളിന്റെ പുരോഗതിയിൽ സംതൃപ്തി

പ്രകടിപ്പിക്കുകയും പുതിയ സ്കൂൾ കെട്ടിടത്തിനു വേണ്ടി സർക്കാറിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി 5 മുറികളുള്ള ഒരു പുതിയ കെട്ടിടത്തിൻ്റെ നിർമ്മാണത്തിന് അനുമതി ലഭിച്ചു.

1969 ൽ സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയായി. ചാത്തുണ്ണിമാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി.എച്ച്.മുഹമ്മദ്കോയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത സമ്മേളത്തിൽ വെച്ച് വെൽഫെയർ കമ്മിറ്റിയും നാട്ടുകാരും ചേർന്ന് സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നിവേദനം മന്ത്രിക്കു സമർപ്പിച്ചു. പിന്നീട് വന്ന വെൽഫെയർ കമ്മറ്റി ഭാരവാഹികളും പി.ടി.എ പ്രസിഡന്റ് സ്ഥാനം വഹിച്ചവരും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് അക്കാലത്തു നടത്തിയത്. ദാമോദരകറിപ്പ്, രാഘവൻനായർ, ടി.ഭാസ്കരൻ, ടി.എൻ വേണുഗോപാൽ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഈ രംഗത്ത് എടുത്തു പറയത്തക്കതായിരുന്നു. കിണർ മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ നിർമ്മിക്കാൻ നാട്ടുകാരുടെ നിർലോഭമായ സഹായ സഹകരണങ്ങളാണു ലഭിച്ചത്. ഉച്ചഭക്ഷണത്തിനുള്ള സഹായങ്ങളും പാത്രങ്ങളും മറ്റും നാട്ടുകാരിൽ നിന്നു സംഭാവനയായി സ്വീകരിക്കുക വഴി പ്രസ്തുത പരിപാടി ജനപങ്കാളിത്തത്തോടെ മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിഞ്ഞു. ഇന്ന് റോഡിനു സമാന്തരമായി നിൽക്കുന്ന പഴയ കെട്ടിടം വാടകയ്ക്കെടുത്തതായി രുന്നു വെങ്കിലും പിന്നീട് സ്കൂളിനു സ്വന്തമായി അക്വയർ ചെയ്യാൻ കഴിഞ്ഞു.

1979-80 കാലഘട്ടത്തിൽ നിലവിലുള്ള സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന നിവേദനം സർക്കാരിലേക്ക് അയക്കുകയും നാട്ടുകാരുടെ അക്ഷീണ പരിശ്രമ ഫലമായി സർക്കാർ ഇത് തത്ത്വത്തിൽ അംഗീകരിക്കുകയും ആവശ്യമായ 3 ഏക്കർ സ്ഥലം വാങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിനു വേണ്ടി ടി.ടി ഉമ്മർ പ്രസിഡന്റും പി.എൻ വേണുഗോപാലൻ സെക്രട്ടറിയുമായി ഒരു അപ്ഗ്രഡേഷൻ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കമ്മറ്റി യുടെ നേതൃത്വത്തിൽ നാട്ടുകാർ പണം പിരിച്ച് ടി.ഗോപാലൻ നായരുടെ സഹായത്തോടെ സ്കൂളിനടുത്ത് കോമലകുന്നിൽ 3 ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങുകയും ആയത് ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

അങ്ങനെ 1981 സെപ്റ്റംബർ 6-ാം തിയ്യതി ഹൈസ്കൂളായി ഉയർത്തി എം. ബാലകൃഷ്ണൻ ഹെഡ്മാസ്റ്റർ ഇൻചാർജായി നിയമിക്കപ്പെട്ടു.

8-ാം തരത്തിൽ 31 കുട്ടികൾ ഉള്ള ഒരു ഡിവിഷനോടു കൂടി ഹൈസ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത ബാച്ചിലെ കുട്ടികളിൽ 11 പേർ ഉയർന്ന മാർക്കു വാങ്ങി എസ്.എസ്.എൽ.സി വിജയം കൈവരിച്ചു.

2007 ൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തി. ഹിസ്റ്ററി, കൊമേഴ്സ്, സയൻസ് എന്നീ മൂന്ന് ബാച്ചുകളാണ് അനുവദിക്കപ്പെട്ടത്. കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതിപ്രകാരം യു പി വിഭാഗത്തിൽ പുതിയ കെട്ടിടം അനുവദിച്ചു. കേരള സർക്കാരിന്റെ കിഫ്ബി ഫണ്ടിൽ നിന്നും 2023 ജനവരിയിൽ എൽ പി വിഭാഗം പുതിയ കെട്ടിടം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ. വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പുതിയ കെട്ടിടത്തിലെ അഞ്ച് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികളാണ്. ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാണ്.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്റൂമുകളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4- ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഇല്ലാതാക്കി 'ആക്റ്റീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്. |
| • മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല. |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • ഐ ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | • കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നാക്കക്കാരാണ്. |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | • IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| • സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു | |
| • കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | |

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അതിനാൽ വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിൽ പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപാദവും പാദപാദവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : **I T ലാബ്**

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : **ടാലെന്റ് ലാബുകൾ**
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യുട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

**പ്രവർത്തനം : 1**
**പേര് : കായികാരോഗ്യം**
**ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM SRG PTA | 10,000 |

**പ്രവർത്തനം : 2**
**പേര് : ഹെൽത്ത് ചെക്ക് അപ്പ്**
**ഉപമേഖല : ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | - 3,000 |

**പ്രവർത്തനം : 3**
**പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല**
**ഉപമേഖല : അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

# സാമൂഹികാവബോധം

**പ്രവർത്തനം :** 1
**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല** : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 2
**പേര്** : പ്രാദേശിക അറിവ്
**ഉപമേഖല** : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം :** 3
**പേര്** : ഫീൽഡ് ട്രിപ്പ്
**ഉപമേഖല** : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ ശേഷികൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും കൂടുതൽ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദ്യം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ആഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വാതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും ആശയബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | 5000<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

| class 3 | ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
| മുഴുവൻ കുട്ടികൾക്കും1000വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കാൻ പ്രായോഗിക പ്രശ്ന പരിഹാര ശേഷികൾ നേടി സദൃശ്യയകൾ ഉറപ്പിക്കാനും മെട്രിക് അളവുകളുമായി ബന്ധപ്പെട്ട ധാരണ കൈവരിക്കുന്നതിനും . പ്രവർത്തനങ്ങൾ നറുക്കെടുക്കാം സംഘികൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കാം മറ്റുള്ളവർ സംഖ്യ എഴുതുന്നു 10 ചങ്ങാതിമാർ സംഖ്യ നറുക്കെടുക്കുന്നു കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. പാറ്റേൺ പൂർത്തിയാക്കൽ വിവിധ സംഖ്യ പാറ്റേൺ | **നറുക്കെടുക്കാം**<br>സംഘികൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കാം മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ | ഗണിത അധ്യാപിക | അധ്യാപകർ |
| | **10 ചങ്ങാതിമാർ**<br>സംഖ്യ നറുക്കെടുക്കുന്നു കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ | ഗണിത അധ്യാപിക | |
| | **പാറ്റേൺ പൂർത്തിയാക്കൽ**<br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ -സെപ്റ്റംബർ | ഗണിത അധ്യാപിക | |
| | **ക്രമത്തിലാക്കാം**<br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു ആരോഹണക്രമം അവരോഹണക്രമം എഴുതുക | ജൂൺ -ഓഗസ്റ്റ് | ഗണിത അധ്യാപിക | |
| | **കൂട്ടങ്ങളാക്കാം**<br>ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ -സെപ്റ്റംബർ | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| | **സംഖ്യാ സൂര്യൻ**<br>ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു | | | |
| | **ക്രമീകരിക്കാം**<br>സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം | സെപ്റ്റംബർ | ഗണിത അധ്യാപിക | |
| | **ഭാഗ്യവാനെ കണ്ടെത്താം**<br>അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ<br>കുട്ടികൾക്ക് തെരഞ്ഞെടുക്കുവാനുള്ള അവസരം നൽകുന്നു<br>ക്രിയ ചെയ്യാം<br>ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളത് എന്ന് കണ്ടെത്താം | ജൂലൈ- ഫെബ്രുവരി | | അധ്യാപകർ |
| | **ജോഡി കണ്ടെത്താം**<br>വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി കളത്തിൽ ഒട്ടിക്കാം | ഓഗസ്റ്റ് -ഫെബ്രുവരി | | |
| | **സംഖ്യ ചക്രം**<br>സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു<br>അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം | ജൂലൈ -മാർച്ച് | | |

| ക്ലാസ് 3 | പരിസരപഠനം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ– ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് ,<br>തടയണ, മഴക്കുഴി നിർ<br>മ്മാണം, ജലസ്രോതസ്സുകൾ,<br>പരിസ്ഥിതി സംരക്ഷണ പ്രവർ<br>ത്തനങ്ങളിലെ പങ്കാളിത്തം. | ജൂലൈ– ഡിസംബർ | ശാസ്ത്ര ക്ലബ്ബ് | പി ടി എ, എസ് എം സി |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽ പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ<br>അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | ഡിസംബർ– മാർച്ച് | ശാസ്ത്ര ക്ലബ്ബ് | പി ടി എ, എസ് എം സി |

| | | | | |
|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കാൻ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ചിത്രം വീഡിയോ കാണിക്കുന്നു.<br>വീഡിയോയിൽ കണ്ട<br>കാര്യങ്ങൾ പദസൂര്യൻ<br>മധുരം മലയാളം–വായന<br>ലേഖനം<br>ഡിജിറ്റൽ സാധ്യതകൾ<br>ഉപയോഗിച്ച് കഥ കേൾക്കാനും<br>എഴുതാനും അവസരം<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ,<br>വ്യക്തിഗത രചനകൾ<br>തയ്യാറാക്കൽ<br>പരിചിതമായ കടങ്കഥകൾ,<br>പഴഞ്ചൊല്ലുകൾ ഇവയ്ക്ക്<br>ചിഹ്നങ്ങൾ ഇല്ലാതെ നൽകി<br>ഉചിതമായ ചിഹ്നം ചേർക്കൽ<br>വായനാകാർഡുകൾ<br>വായിക്കൽ<br>ലഘുജീവചരിത്രക്കുറിപ്പ്<br>തയ്യാറാക്കൽ<br>കഥയിലെ കഥാംശം ഉൾ<br>ക്കൊള്ളൽ<br>കഥ കവിത രചന<br>പതിപ്പ് തയ്യാറാക്കൽ | ജൂൺ–ജൂലായ് | അധ്യാപകർ | അധ്യാപകർ |
| | | ഓഗസ്റ്റ് – നവംബർ | അധ്യാപകർ | പി ടി എ |
| | | ഡിസംബർ–ജനുവരി | അധ്യാപകർ | എസ് എം സി |
| | | ഫെബ്രുവരി–മാർച്ച് | അധ്യാപകർ | എസ് എം സി, പി ടി എ |

**Class 3.** **Subject-English**

| Aim | Activity | Time | Task | Financial Analysis |
|---|---|---|---|---|
| To speak read and write in English without any mistake | To check the vocabulary and writing skill of people<br>Pree test<br>To develop listening skills and reading skills<br>Listening skills<br>Games, action songs<br>Conversations, Skit, stories<br>Speaking skills<br>Identify the naming word from the picture<br>Identify the action words from the picture<br>From the picture make the simple sentences<br>Using the action word from the picture | June – July | | |
| | Develop the creative speaking and writing<br>Reading skills<br>Book reading<br>Find words<br>Collect and read past tense<br>Rhyming words<br>Writing skills<br>Make word web,picture-description,word chain,add more lines | August-September | English teacher | Teachers |
